ടി.കെ ഉബൈദ്



സൂറ - 44

# അദ്ദുഖാന്‍

## സൂക്തം 22-29

ഫറവോനികള്‍ ഇത്ര ദയനീയവും ഭീകരവുമായ ദുരന്തത്തിനിരയായി ഉന്മൂലനം ചെയ്യപ്പെട്ടിട്ടും ലോകത്തിലാരും അവര്‍ക്കുവേണ്ടി കണ്ണീരൊഴുക്കാനുണ്ടായില്ല. അവരെ സ്നേഹിച്ചതും അവര്‍ സ്നേഹിച്ചതും അവര്‍ മാത്രമായിരുന്നു. അവരെല്ലാവരും മുങ്ങിയൊടുങ്ങിപ്പോയി. മറ്റുള്ളവരെല്ലാം അവരെ ഭയന്നവരും വെറുത്തവരുമായിരുന്നു.

فَدَعَا رَبَّهُۥٓ أَنَّ هَٰٓؤُلَآءِ قَوْمٌ مُّجْرِمُونَ ﴿٢٢﴾

*22*
*ഒടുവില്‍ മൂസാ തന്റെ നാഥനോട് പ്രാര്‍ഥിച്ചു: എന്തെന്നാല്‍ ഈ ഫറവോനികള്‍ ഒരു കുറ്റവാളി സമൂഹമാകുന്നു.*

| | |
|---|---|
| (ഒടുവില്‍ അദ്ദേഹം) തന്റെ നാഥനെ വിളിച്ചു (നാഥനോടു പ്രാര്‍ഥിച്ചു) | فَدَعَا رَبَّهُ |
| എന്തെന്നാല്‍ ഇക്കൂട്ടര്‍ (ഈ ഫറവോനികള്‍) | أَنَّ هَٰؤُلَاءِ |
| ഒരു (ക്രിമിനല്‍) കുറ്റവാളി സമൂഹമാകുന്നു | قَوْمٌ مُّجْرِمُونَ |

കഴിഞ്ഞ സൂറയുടെ അവസാനത്തില്‍, ഖുറൈശികളുടെ മാനസാന്തരത്തില്‍ ആശയറ്റ മുഹമ്മദ്(സ) يَا رَبِّ إِنَّ هَٰؤُلَاءِ قَوْمٌ لَّا يُؤْمِنُونَ -എന്റെ നാഥാ, ഇക്കൂട്ടര്‍ സത്യം വിശ്വസിക്കാന്‍ കൂട്ടാക്കാത്ത സമുദായമാകുന്നു- എന്ന് ആവലാതിപ്പെട്ടതായി ഉദ്ധരിച്ചിട്ടുണ്ട്. അതുപോലുള്ള സാഹചര്യം മൂസാ(അ)യും നേരിടുകയുണ്ടായി. അപ്പോള്‍ അദ്ദേഹം നടത്തിയ പ്രാര്‍ഥനയാണ് ഈ സൂക്തം ഉദ്ധരിക്കുന്നത്. قَوْمٌ لَّا يُؤْمِنُونَ ഉം قَوْمٌ مُّجْرِمُونَ ഉം ഏറക്കുറെ ഒന്നുതന്നെയാണ്. സദാചാര നിയമങ്ങള്‍ ലംഘിക്കുന്നവരും ക്രിമിനല്‍ കുറ്റം ചെയ്യുന്നവരുമാണ് ഭാഷയില്‍ مُجْرِمُونَ. സത്യധര്‍മങ്ങള്‍ നിഷേധിക്കുക എന്നതുതന്നെ വലിയ കുറ്റകൃത്യമാണ്. സത്യനിഷേധത്തിന്റെ അനിവാര്യതയാണ് കുറ്റകൃത്യങ്ങള്‍ ഹിതകരമാവുക. ധാര്‍മിക സദാചാര മൂല്യങ്ങളോടുള്ള ധിക്കാരം അവരുടെ قَوْمِية- സാമുദായിക സ്വത്വം- ആകുന്നു എന്നാണ് قَوْمٌ مُّجْرِمُونَ ന്റെ ധ്വനി. മൂസാ നബിയുടെ ഈ പ്രാര്‍ഥനക്ക് ഒരാന്തരാര്‍ഥം കൂടി മുഫസ്സിറുകള്‍ നിര്‍ധാരണം ചെയ്തിരിക്കുന്നു: ഞാന്‍ എങ്ങനെയൊക്കെ ശ്രമിച്ചാലും നാഥാ, ഇക്കൂട്ടര്‍ നിന്റെ സത്യസന്ദേശം സ്വീകരിക്കാന്‍ പോകുന്നില്ല. അവര്‍ അടിമകളാക്കി മര്‍ദിച്ചുകൊണ്ടിരിക്കുന്ന ഇസ്രാഈല്യരെ എന്റെ കൂടെ വിട്ടയക്കുകയുമില്ല. ഇതൊരു കുറ്റവാളി സമൂഹമായി ക്കഴിഞ്ഞിരിക്കുന്നു. ഇനി നീ തന്നെ അവരെ കൈകാര്യം ചെയ്തുകൊള്ളുക. ●

فَأَسْرِ بِعِبَادِى لَيْلًا إِنَّكُم مُّتَّبَعُونَ ﴿٢٣﴾

## ഖുർആൻ ബോധനം

*23*
*അദ്ദേഹത്തിന് ഉത്തരം ലഭിച്ചു: ശരി, എന്റെ ദാസന്മാരെയും കൊണ്ട് രാത്രിയാമാനം പലായനം ചെയ്തുകൊള്ളുക. നിങ്ങൾ പിന്തുടരപ്പെടുമെന്ന് ഉറപ്പാകുന്നു.*

| | |
|---|---|
| (ശരി) നീ രാസഞ്ചാരം ചെയ്തുകൊള്ളുക (പലായനം ചെയ്തുകൊള്ളുക) | فَأَسْرِ |
| എന്റെ ദാസന്മാരെയും കൊണ്ട് | بِعِبَادِي |
| രാത്രിയിൽ (രാത്രിയാമാനം) | لَيْلًا |
| തീർച്ചയായും നിങ്ങൾ പിന്തുടരപ്പെടുന്നവരാ (ടുമെന്ന് ഉറപ്പാ)കുന്നു | إِنَّكُم مُّتَّبَعُونَ |

**എന്റെ അടിമകൾ എന്നു പറഞ്ഞതിൽ ഇസ്രാഈല്യരും യൂസുഫ് നബിയുടെ കാലം മുതലേ ഏകദൈവ വിശ്വാസികളായി അവരിൽ ചേർന്ന കോപ്റ്റിക്കുകളും, ഫറവോന്റെ പ്രജകളിൽ മൂസാ (അ)യുടെ പ്രബോധനം സ്വീകരിച്ച് ഇസ്‌ലാം സ്വീകരിച്ചവരും ഉൾപ്പെടുന്നു.**

മൂസാ നബിയുടെ പ്രാർഥനക്ക് അല്ലാഹുവിങ്കൽനിന്നു ലഭിച്ച ഉത്തരം ഇതായിരുന്നു: സ്വാതന്ത്ര്യത്തിലേക്കു പ്രയാണം ചെയ്യാൻ ഇനിയും നിങ്ങൾ ഫറവോന്റെ സമ്മതം കാത്തുനിൽക്കേണ്ടതില്ല. എന്റെ അടിമകളായവരെയെല്ലാം കൂട്ടി മിസ്റ്യീമിൽനിന്ന് രാത്രിയാമാനം പലായനം ചെയ്തുകൊള്ളുക. عِبَادِي -എന്റെ അടിമകൾ- എന്നു പറഞ്ഞതിൽ ഇസ്രാഈല്യരും യൂസുഫ് നബിയുടെ കാലം മുതലേ ഏകദൈവ വിശ്വാസികളായി അവരിൽ ചേർന്ന കോപ്റ്റിക്കുകളും, ഫറവോന്റെ പ്രജകളിൽ മൂസാ (അ)യുടെ പ്രബോധനം സ്വീകരിച്ച് ഇസ്‌ലാം സ്വീകരിച്ചവരും ഉൾപ്പെടുന്നു. നിങ്ങളെ പിടികൂടാൻ തീർച്ചയായും ഫറവോനും പടയും പിന്നാലെ വരുമെന്ന് മുന്നറിയിപ്പു നൽകുകയും ചെയ്തു.

ബൈബിൾ വിവരണത്തിന്റെ വെളിച്ചത്തിൽ പണ്ഡിതന്മാർ ഈ 'പുറപ്പാടി'നെക്കുറിച്ചു പറയുന്നതിങ്ങനെയാണ്: ദൈവകോപം മൂലം നാട്ടിലുണ്ടായ ദുരിതം മൂസാ(അ)യുടെ പ്രാർഥനാഫലമായി ശമിച്ചപ്പോൾ മരുഭൂമിയിൽ ഏതാനും നാൾ ധ്യാനത്തിനു പോകാൻ ഫറവോൻ അദ്ദേഹത്തിന് അനുവാദം നൽകി. മൂസാ(അ) മുഴുവൻ ഇസ്രാഈലീ സമൂഹത്തെയും കൂട്ടി പുറപ്പെടുന്നതു കണ്ടപ്പോൾ ഫറവോൻ ആപത്തു മണത്തു. അയാൾ സർവ സൈനിക സന്നാഹങ്ങളും ഏകോപിപ്പിച്ച് അവർക്കു പിന്നാലെ പുറപ്പെട്ടു. പലായക സംഘത്തെ തടയുകയും ബലപ്രയോഗത്തിലൂടെ തിരിച്ചു കൊണ്ടുവരികയുമായിരുന്നു ലക്ഷ്യം. ●

وَٱتْرُكِ ٱلْبَحْرَ رَهْوًا ۖ إِنَّهُمْ جُندٌ مُّغْرَقُونَ ﴿٢٤﴾

*24*
*കടലിനെ പിളർന്ന നിലയിൽ വിട്ടേക്കുക. നിങ്ങളെ പിന്തുടരുന്നവർ അതിൽ മുങ്ങിയൊടുങ്ങേണ്ട പടയാകുന്നു.*

| | |
|---|---|
| കടലിനെ നീ വിട്ടേക്കുക, ഉപേക്ഷിക്കുക | وَاتْرُكِ الْبَحْرَ |
| പിളർന്ന നിലയിൽ, അടങ്ങിയതായിട്ട് | رَهْوًا |
| അവർ (നിങ്ങളെ പിന്തുടരുന്നവർ) | إِنَّهُمْ |
| മുക്കപ്പെടുന്ന (അതിൽ മുങ്ങിയൊടുങ്ങേണ്ട) പടയാകുന്നു | جُندٌ مُّغْرَقُونَ |

ഈ നിർദേശം ഈജിപ്തിൽനിന്നു പുറപ്പെടാനുള്ള കൽപനയോടൊപ്പം നൽകിയതാവാം. മൂസാ നബിയും സംഘവും സമുദ്രം താണ്ടി മറുകര പറ്റിയ ഉടനെ നൽകിയതുമാകാം. നേരത്തെ നൽകിയതാണെന്നു വെക്കുമ്പോൾ താൽപര്യമിതാണ്: ഫറവോനും പടയും പിന്തുടരുന്നത് കണ്ട് ഭയപ്പെടേണ്ട. സമുദ്ര തീരത്തെത്തിയാൽ പ്രവാചകന്റെ വടികൊണ്ട് സമുദ്രത്തിൽ അടിച്ചാൽ സമുദ്ര ജലം ഇരുവശത്തേക്കും വകഞ്ഞു മാറി നിങ്ങ

ശ്ക്കു സുഗമമായി കടന്നുപോകാൻ വരണ്ട വഴിയുണ്ടാകും. നിങ്ങൾ മറുകര പറ്റിയാൽ സമുദ്രത്തെ രണ്ടായി പിളർന്നപടി വിട്ടേക്കുക. വീണ്ടും കടലിൽ അടിച്ച് അത് പഴയപടിയാക്കാൻ ശ്രമിക്കേണ്ട. നിശ്ചലമായതും, അടങ്ങി നിൽക്കുന്നതും, പിളർന്നതുമാണ് رَهْو. ഇരുവശത്തേക്കും വകഞ്ഞു മാറി രണ്ടു മഹാമേരുക്കൾ പോലെ നിശ്ചലമായി നിലകൊള്ളുന്ന സമുദ്ര ജലത്തിന്റെ പിളർപ്പ് അതേപടി നിൽക്കട്ടെ എന്നാണ് ഇവിടെ വിവക്ഷ. അപ്പോൾ ആ കടൽ വഴിയിലൂടെ തന്നെ ഫറവോൻ പടയും മാർച്ചു ചെയ്യും. അവർ സമുദ്ര മധ്യത്തിലെത്തുമ്പോൾ പിളർപ്പ് കൂടിച്ചേർന്ന് സമുദ്രം പൂർവസ്ഥിതിയിലാകും. കടലാഴത്തിലകപ്പെടുന്നവർക്ക് അക്കരയിലേക്കോ ഇക്കരയിലേക്കോ രക്ഷപ്പെടാനാവില്ല. എല്ലാവരും മുങ്ങി നശിക്കും. അതപ്പടി സംഭവിക്കുകയും ചെയ്തു. ●

كَمْ تَرَكُوا۟ مِن جَنَّٰتٍ وَعُيُونٍ ﴿٢٥﴾ وَزُرُوعٍ وَمَقَامٍ كَرِيمٍ ﴿٢٦﴾ وَنَعْمَةٍ كَانُوا۟ فِيهَا فَٰكِهِينَ ﴿٢٧﴾ كَذَٰلِكَ ۖ
وَأَوْرَثْنَٰهَا قَوْمًا ءَاخَرِينَ ﴿٢٨﴾ فَمَا بَكَتْ عَلَيْهِمُ ٱلسَّمَآءُ وَٱلْأَرْضُ وَمَا كَانُوا۟ مُنظَرِينَ ﴿٢٩﴾

*25*
*എത്രയെത്ര ആരാമങ്ങളും ജലധാരകളുമാണ് അവർ ഉപേക്ഷിച്ചു പോയത്!*
*26*
*എത്രയെത്ര കൃഷിയിടങ്ങൾ, എന്തെന്തു രമ്യഹർമ്യങ്ങൾ!*
*27*
*അവർ ആനന്ദിച്ചനുഭവിച്ചുകൊണ്ടിരുന്ന എന്തൊക്കെ സുഖഭോഗോപാധികൾ!*
*28*
*അപ്രകാരം ഫറവോനികൾക്ക് അതൊക്കെയും നഷ്ടമായി.*
*നാം മറ്റൊരു ജനത്തെ അതിനൊക്കെയും അവകാശികളാക്കി.*
*29*
*ആകാശവും ഭൂമിയും അവർക്കു വേണ്ടി വിലപിച്ചില്ല.*
*അവർക്ക് അൽപവും അവസരം നൽകപ്പെട്ടതുമില്ല.*

| | |
|---|---|
| എത്രയെത്രയാണ് അവർ ഉപേക്ഷിച്ച(ച്ചു പോയ)ത് | كَمْ تَرَكُوا |
| ആരാമങ്ങളാലും ജലധാരകളാലും | مِن جَنَّاتٍ وَعُيُونٍ |
| എത്രയെത്ര കൃഷിയിടങ്ങളും | وَزُرُوعٍ |
| ഉന്നതമായ പാർപ്പിടങ്ങളും (എന്തെന്തു രമ്യഹർമ്യങ്ങൾ) | وَمَقَامٍ كَرِيمٍ |
| എന്തൊക്കെ അനുഗ്രഹങ്ങൾ, സുഖഭോഗോപാധികൾ | وَنَعْمَةٍ |
| അവിടെ അവർ ആനന്ദിച്ചു (അനുഭവിച്ചു) കൊണ്ടിരുന്ന | كَانُوا فِيهَا فَاكِهِينَ |
| അപ്രകാരം (ഫറവോനികളെ നാം അതിൽനിന്ന് പുറത്താക്കി, ഫറവോനികൾക്ക് അതൊക്കെയും നഷ്ടമായി) | كَذَٰلِكَ ۖ |
| നാം അതിനൊക്കെയും അവകാശികളാക്കി | وَأَوْرَثْنَاهَا |
| മറ്റുള്ളവരായ (മറ്റൊരു) ജനത്തെ | قَوْمًا آخَرِينَ |
| ആകാശവും ഭൂമിയും അവരുടെ മേൽ (അവരെ ച്ചൊല്ലി) വിലപിച്ചില്ല | فَمَا بَكَتْ عَلَيْهِمُ السَّمَاءُ وَالْأَرْضُ |
| അവർ (അൽപവും) അവസരം നൽകപ്പെ(ട്ടതുമില്ല) ടുന്നവരുമായിരുന്നില്ല | وَمَا كَانُوا مُنظَرِينَ |

**സത്യധർമങ്ങൾ നിഷേധിക്കുക എന്നതുതന്നെ വലിയ കുറ്റകൃത്യമാണ്. സത്യനിഷേധത്തിന്റെ അനിവാര്യതയാണ് കുറ്റകൃത്യങ്ങൾ ഹിതകരമാവുക. ധാർമിക സദാചാര മൂല്യങ്ങളോടുള്ള ധിക്കാരം അവരുടെ قَوْمِية- സാമുദായിക സ്വത്വം- ആകുന്നു എന്നാണ് قَوْمٌ مُجْرِمُونَ - ന്റെ ധ്വനി.**

ചെങ്കടലിൽ നിസ്സഹായരായി നിലവിളിച്ച് മുങ്ങിയൊടുങ്ങിയ ഫറവോനികൾ അന്നുവരെ അനുഭവിച്ചുകൊണ്ടിരുന്ന സൗഭാഗ്യങ്ങളും ആഡംബരങ്ങളും ഓർമിപ്പിക്കുകയാണീ സൂക്തങ്ങൾ. ഫറവോന്റെ കാലത്ത് ഈജിപ്ഷ്യൻ പട്ടണങ്ങൾ, വിശേഷിച്ചും തലസ്ഥാനമായ മൻഫിസിൻ നഗരം നയനാഭിരാമങ്ങളായ പൂന്തോപ്പുകളാലും ജലധാരകളാലും സമൃദ്ധമായിരുന്നു. ഫലഭൂയിഷ്ഠമായ കൃഷിയിടങ്ങളിൽ സമൃദ്ധമായ ബഹുവിധ വിളകൾ. ആമോദത്തോടെ വസിക്കാൻ ആർഭാടം നിറഞ്ഞ സൗധങ്ങൾ. അവർക്കാനന്ദം പകർന്നിരുന്ന മറ്റനേകം അനുഗ്രഹങ്ങൾ. نِعْمة തന്നെയാണ് نَعْمة ഉം. അനുഗ്രഹവും സുഖക്ഷേമങ്ങളുമാണ് രണ്ടും. نَعْمة ആർഭാടത്തിന്റെയും ആഡംബരത്തിന്റെയും ഉപാധികളെക്കൂടി കുറിക്കുന്നതായി ഭാഷാഭിജ്ഞർ പറയുന്നു. فاكهون ന്റെ ആശയം നേരത്തെ സൂറ *യാസീൻ* 55-ാം സൂക്തത്തിനു താഴെ വിശദീകരിച്ചിരിക്കുന്നു. അവർ വിനോദിച്ചാനന്ദിച്ചിരുന്ന ആർഭാടങ്ങളും ആഡംബരങ്ങളും എന്നാണ് وَنَعْمَةٍ كَانُوا فِيهَا فَاكِهِينَ ന്റെ താൽപര്യം.

كَذَٰلِكَ ക്ക് ശേഷം اخرجناهم منها- നാം അവരെ അതിൽ നിന്നെല്ലാം പുറത്താക്കി- അല്ലെങ്കിൽ അവർക്കതെല്ലാം നഷ്ടമാക്കി എന്ന അർഥത്തിലുള്ള വാക്ക് അനുക്തമായിട്ടുണ്ട്. മിസ്രയീമിലെ സുഖസമൃദ്ധിയിൽ അത്യുന്നതരും അജയ്യ പ്രതാപികളുമെന്നഹങ്കരിച്ചു വാണിരുന്ന ഫറവോനികളെ അല്ലാഹു ഈ വിധത്തിൽ അധികാരത്തിൽനിന്നും പ്രതാപത്തിൽനിന്നും ആർഭാട സമൃദ്ധിയിൽനിന്നുമെല്ലാം ഒരൊറ്റ രാത്രികൊണ്ട് പുറംതള്ളി ആഴിയുടെ ആഴങ്ങളിൽ ഒടുക്കിക്കളഞ്ഞു എന്നു സാരം. കൊടിയ അധർമികളെ -مجرمون- നാം ഇതേവിധം തന്നെയാണ് കൈകാര്യം ചെയ്യുക എന്നുമാവാം كَذَٰلِك യുടെ ആശയം.

**ഫറവോനികളുടെ ഗംഭീരമായ നാഗരിക നിർമിതികൾക്കും സൗഭാഗ്യ സമൃദ്ധിക്കുമൊക്കെ അല്ലാഹു മറ്റു ജനങ്ങളെ അവകാശികളാക്കി.**

ഫറവോനികളുടെ ഗംഭീരമായ നാഗരിക നിർമിതികൾക്കും സൗഭാഗ്യ സമൃദ്ധിക്കുമൊക്കെ അല്ലാഹു മറ്റു ജനങ്ങളെ അവകാശികളാക്കി. ഈ മറ്റു ജനം -قَوْمًا آخَرِينَ- ഇസ്രാഈല്യർ തന്നെയാണെന്ന് ചില വ്യാഖ്യാതാക്കൾ പറയുന്നുണ്ട്. 26:57-59 സൂക്തങ്ങൾ അതിനു ന്യായമായി ഉന്നയിക്കുകയും ചെയ്യുന്നു:

فَأَخْرَجْنَاهُم مِّن جَنَّاتٍ وَعُيُونٍ . وَكُنُوزٍ وَمَقَامٍ كَرِيمٍ . كَذَٰلِكَ وَأَوْرَثْنَاهَا بَنِي إِسْرَائِيلَ

(അവരുടെ ഉദ്യാനങ്ങളിൽനിന്നും ജലധാരകളിൽനിന്നും ഖജനാവുകളിൽനിന്നും രമ്യഹർമ്യങ്ങളിൽനിന്നുമെല്ലാം അവരെ പുറംതള്ളി. അതത്രെ അവർക്കു സംഭവിച്ച പരിണതി. അതിനൊക്കെയും ഇസ്രാഈൽ വംശത്തെ അവകാശികളാക്കുകയും ചെയ്തു). ആധുനിക മുഫസ്സിറുകൾ പൊതുവിൽ ഈ വീക്ഷണത്തോട് യോജിക്കുന്നില്ല. ഈജിപ്തിൽനിന്നു പലായനം ചെയ്ത ഇസ്രാഈല്യർ ഫറവോന്റെ നാശത്തിനുശേഷം ഈജിപ്തിലേക്കു തിരിച്ചു പോയിട്ടില്ല എന്ന ചരിത്ര വസ്തുതയാണ് അവർ ചൂണ്ടിക്കാട്ടുന്നത്. അവർ നാലു പതിറ്റാണ്ട് കാലം മരുഭൂമിയിൽ അലഞ്ഞു നടന്നതായും പിന്നീട് ഫലസ്തീനിൽ സ്വരാജ്യം സ്ഥാപിച്ചതായും ഖുർആൻ മറ്റു സ്ഥലങ്ങളിൽ സൂചിപ്പിക്കുന്നുമുണ്ട്. ആ നിലക്ക് قَوْمًا آخَرِينَ- മറ്റു ജനം- ഫറവോനികളുടെ പതനാനന്തരം ഈജിപ്തിൽ ഉത്ഥാനം ചെയ്ത മറ്റു ജനതകളായിരിക്കാനേ തരമുള്ളൂ. പിന്നെ 26:59-ൽ അതിനൊക്കെയും നാം ഇസ്രാഈല്യരെ അവകാശികളാക്കി - وَأَوْرَثْنَاهَا بَنِي إِسْرَائِيلَ- എന്നു പറയുന്നത് ഫറവോനികൾ സ്ഥാപിച്ച് അനുഭവിച്ചുകൊണ്ടിരുന്ന അതേ നാഗരിക നിർമിതികൾക്കും സുഖസൗകര്യങ്ങൾക്കും ആർഭാടോപാധികൾക്കുമൊക്കെ ഇസ്രാഈല്യരെ അനന്തരാവകാശികളാക്കി എന്ന അർഥത്തിലല്ല. മറിച്ച്, ഫറവോനികൾ അനുഭവിച്ചിരുന്ന സുഖസമൃദ്ധികളും ആഡംബരങ്ങളും നഷ്ടപ്പെട്ടപ്പോൾ അവർ അടിമകളാക്കി അടിച്ചമർത്തിയിരുന്ന ഇസ്രാഈല്യർ ഫലസ്തീനിൽ അതുപോലുള്ള സുഖക്ഷേമങ്ങൾക്കും നാഗരിക നേട്ടങ്ങൾക്കും അവകാശികളായിത്തീർന്നു എന്നാണ്. ഫലസ്തീൻ ചരിത്രം പിന്തുണക്കുന്നുണ്ട് ഈ അഭിപ്രായത്തെ.

ഫറവോനികൾ ഇത്ര ദയനീയവും ഭീകരവുമായ ദുരന്തത്തിനിരയായി ഉന്മൂലനം ചെയ്യപ്പെട്ടിട്ടും ലോകത്തിലാരും അവർക്കുവേണ്ടി കണ്ണീരൊഴുക്കാനുണ്ടായില്ല. അവരെ സ്നേഹിച്ചതും അവർ സ്നേഹിച്ചതും അവർ മാത്രമായിരുന്നു. അവരെല്ലാവരും മുങ്ങിയൊടുങ്ങിപ്പോയി. മറ്റുള്ളവരെല്ലാം അവരെ ഭയന്നവരും വെറുത്തവരുമായിരുന്നു. ചെങ്കടൽ ഈജിപ്തിന്റെ മാലിന്യം കഴുകിക്കളഞ്ഞതുപോലെ, തങ്ങളുടെ മുതുകിൽ തറഞ്ഞ മുള്ള് പിഴുതെറിയപ്പെട്ടതുപോലെ ആശ്വാസം കൊള്ളുകയായിരുന്നു അവർ. അറബികൾ പ്രമുഖന്മാരുടെ ചരമത്തെ - بكت السماء عليه - بكته الرّيح - زلزلت الجبال - അയാൾക്കു വേണ്ടി ആകാശം കരഞ്ഞു- കാറ്റു കരഞ്ഞു- മലകൾ കുലുങ്ങി എന്നൊക്കെ സ്തോഭജനകമായി വർണിക്കാറുണ്ടായിരുന്നു. 'ആകാശം കരഞ്ഞില്ല' എന്നതിനെ വാനലോകത്തെ മലക്കുകളും ജിന്നുകളും അയാൾക്കു വേണ്ടി കരഞ്ഞില്ല എന്നും വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. ●